## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 118 — 31.10.2019 -ൽ മറുപടിയ്ക്ക്

### ഗണിത പഠനം അനായാസമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.റ്റി.വി.രാജേഷ് : | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഗണിത പഠനം അനായാസമാക്കുന്നതിന് ഗണിതം വിജയം, ഉല്ലാസ ഗണിതം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) നിലവിൽ ഏതെല്ലാം ക്ലാസ്സുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) ഈ വർഷം ഒന്ന്, രണ്ട് ക്ലാസുകളിൽ ഉല്ലാസ ഗണിത പദ്ധതിയും മൂന്ന മുതൽ ഏഴുവരെ ക്ലാസ്സുകളിൽ ഗണിത വിജയം പദ്ധതിയും 'സമഗ്ര ശിക്ഷാ, കേരള ' മുഖേന നടപ്പിലാക്കിവരുന്നു. |
| സി) ഗണിതം വിജയം പദ്ധതി പരിഷ്കരിച്ച് ഹയർ സെക്കണ്ടറി തലം വരെയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഗണിത വിജയം പരിപാടി ഹയർ സെക്കണ്ടറി തലം വരെ വ്യാപിപ്പിക്കുന്നതിനുള്ള ആശയ രൂപീകരണങ്ങൾ നടന്നു വരുന്നു. |
| ഡി) പ്രസ്തുത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള അദ്ധ്യാപക, ഫാക്കൽറ്റി പരിശീലനങ്ങളും കൈപ്പുസ്തകങ്ങളും വർക്കബുക്കുകളും സജ്ജീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) ഉല്ലാസ ഗണിതം ഒന്നാം ക്ലാസ് പദ്ധതിയുടെ അദ്ധ്യാപകർക്കുള്ള പരിശീലനങ്ങൾ എല്ലാ ജില്ലയിലും പൂർത്തീകരിച്ചു. സ്കൂളുകളിൽ പ്രസ്തുത പരിപാടി നടന്നു വരുന്നു. രണ്ടാം ക്ലാസ് ഉല്ലാസഗണിതം പരിപാടിയുടെ അദ്ധ്യാപക പരിശീലനങ്ങൾ അവസാനഘട്ടത്തിലാണ്. ഇതിനായി അദ്ധ്യാപകർക്കുള്ള പരിശീലന മൊഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കി |

നൽകി. ഉല്ലാസ ഗണിതം പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് കുട്ടികൾക്കാവശ്യമായ ഗണിത പഠനോപകരണങ്ങൾ കിറ്റുകളാക്കി സ്കൂളുകൾക്കു നൽകുന്നു.

ഗണിത വിജയം പരിപാടിയുടെ ഭാഗമായി 3,4 ക്ലാസുകളിലെ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ ബി.ആർ.സി തലത്തിൽ പൂർത്തിയായി വരുന്നു. ഇതിന്റെ സംസ്ഥാന തല റിസോഴ്സ് ഗ്രൂപ്പ് , ജില്ലാതല റിസോഴ്സ് ഗ്രൂപ്പ് പരിശീലനങ്ങൾ പൂർത്തിയായികഴിഞ്ഞു. ഇതിന്റെ ഭാഗമായി ക്ലാസ് ഗണിതലാബുകൾ സജ്ജീകരിച്ചു വരുന്നു. അധ്യാപകർക്കുള്ള പരിശീലന മൊഡ്യൂൾ, കൈപ്പുസ്തകം, വർക്കുബുക്ക് എന്നിവ തയ്യാറാക്കി നൽകി.

യു.പി ക്ലാസുകളുടെ ഗണിത വിജയം പരിപാടികൾ മൊഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിക്കഴിഞ്ഞു .3,4 ക്ലാസുകളിലെ ഗണിത വിജയം പരിപാടിയുടെ പരിശീലനങ്ങൾ ജില്ലകളിൽ പൂർത്തിയായി വരുന്ന മുറയ്ക്ക് യു.പി ക്ലാസ്സുകളുടെ അധ്യാപക പരിശീലനം ആരംഭിക്കും.

ഗണിത വിജയം, ഉല്ലാസ ഗണിതം എന്നീ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും എൽ.പി, യുപി ക്ലാസുകളിൽ ഗണിത പഠന ഉപകരണങ്ങൾ നൽകും .

സെക്ഷൻ ഓഫീസർ